# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 848**

**03/12/2014-ൽ മറുപടിക്ക്**

## അവശ്യമരുന്നുകളുടെ വിലനിർണ്ണയം

ചോദ്യം

**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**
**ശ്രീ.ജെയിംസ് മാത്യു**
**ശ്രീമതി പി. അയിഷാ പോറ്റി**
**ശ്രീ.കെ.ദാസൻ**

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

എ) അവശ്യമരുന്നുകളുടെ വില നിർണ്ണയത്തിൽ ദേശീയ ഔഷധ വില നിർണ്ണയ അതോറിറ്റിയുടെ ഇടപെടൽ ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി അറിയുമോ; എങ്കിൽ അതിന്റെ വിശദാംശം എന്തൊക്കെയാണ്;

എ) രാജ്യത്ത് വിതരണം ചെയ്യുന്ന മരുന്നുകളിൽ National list of Essential Medicines –ൽ പ്പെട്ട 348 എണ്ണം മരുന്നുകളുടെ വിലനിയന്ത്രിക്കുന്നത് ഡ്രഗ്സ് പ്രൈസിംഗ് കൺട്രോൾ ഓർഗനൈസേഷൻ-2013 പ്രകാരമാണ്. ഇക്കാര്യത്തിൽ ഇതിന് ഉത്തരവാദിത്തപ്പെട്ട നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി കാലാകാലങ്ങളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവി ക്കാറുണ്ട്. പ്രസ്തുത നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷന് വിരുദ്ധമായി അമിത വില ഈടാക്കുന്ന മരുന്നുകളുടെ വിൽപ്പന ഡ്രഗ്സ് ഇൻസ്പെക്ടർമാർ തടയാറുണ്ട്.

ഡ്രഗ്സ് പ്രൈസിംഗ് കൺട്രോൾ ഓർഗനൈസേഷൻ-2013-ലെ ഖണ്ഡിക-19 പ്രകാരം കേന്ദ്ര ഗവൺമെന്റിന് ചില അസാധാരണ സാഹചര്യത്തിൽ പൊതുജന താൽപ്പര്യാർത്ഥം മേൽപ്പറഞ്ഞ 348 ഇനം മരുന്നുകളിൽ പെടാത്ത മരുന്നുകളുടെ വിലയും നിയന്ത്രിക്കാൻ അധികാരമുണ്ട്. നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയുടെ 29/05/2014-ലെ സർക്കുലർ പ്രകാരം ഖണ്ഡിക -19 ലെ മരുന്നുകളുടെ വില നിയന്ത്രണത്തിനെ സംബന്ധിച്ച് ചില മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി 22/09/2014-ലെ ഉത്തരവ് പ്രകാരം പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പിൻവലിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പിൻവലിക്കുക വഴി 348 ഇനം മരുന്നുകളുടെ വില നിയന്ത്രണത്തിനുള്ള അധികാരത്തിന് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല.

| | |
|---|---|
| ബി) വില നിർണ്ണയാധികാരം ഉപേക്ഷിച്ചതിനെ തുടർന്ന് മരുന്നുകൾക്ക് വില വർദ്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| സി) അവശ്യവും സുരക്ഷിതവുമായ മരുന്നുകൾ ജനങ്ങൾക്ക് താങ്ങാനാവുന്ന വിലയ്ക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | സി) പൊതുജനങ്ങൾക്ക് മരുന്ന് വിലക്കുറച്ച് ലഭിക്കുവാൻ സർക്കാർ, കാരുണ്യ, മാവേലി, നീതി മെഡിക്കൽ ഷോപ്പുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ രോഗികൾക്ക് മരുന്നുകൾ കമ്പോള വിലയേക്കാളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**